**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3918** **27-10-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സ്കാനിംഗ് മെഷീനുകളുടെ അപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പത്തനംതിട്ട , കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ നിർദ്ധനരായ സാധാരണ രോഗികൾ ആശ്രയിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്കാനിംഗിനായി 50 ദിവസത്തോളം കാത്തിരിക്കേണ്ടി വരുന്ന പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജ് റേഡിയോഡയഗ്നോസിസ് വിഭാഗത്തിൽ അൾട്രാസൗണ്ട്, സി.ടി, എം.ആർ. ഐ എന്നിങ്ങനെ പലതരം സ്കാനിംഗുകൾ ചെയ്യുന്നുണ്ട്. അത്യാഹിത വിഭാഗത്തിലെ രണ്ട് സി.ടി സ്കാനറും ഒരു അൾട്രാസൗണ്ട് സ്കാനറും 24 മണിക്കൂറും പ്രവർത്തനനിരതമാണ്. ഈ യൂണിറ്റുകളിൽ കാലതാമസമില്ലാതെ അപ്പപ്പോൾ തന്നെ എല്ലാ അടിയന്തിര സ്കാനിംഗുകളും നടത്തി വരുന്നു. ഓരോ ദിവസവും 120-150 വരെ സി.ടി സ്കാനിംഗും 70-90 വരെ അൾട്രാസൗണ്ട് സ്കാനിംഗും നടക്കുന്നുണ്ട്. കോവിഡ് മഹാമാരി തുടങ്ങിയതിന് ശേഷം കോവിഡ് രോഗികളുടെ സ്കാനിംഗും അത്യാഹിത വിഭാഗത്തിലെ യൂണിറ്റിൽ തന്നെയാണ് നടത്തുന്നത്. അതിനുശേഷം മെഷീൻ അണുവിമുക്തമാക്കുന്നതിനായി ഒരു മണിക്കൂർ വീതം അടച്ചിടുന്നതു കൊണ്ട് ആ സമയത്തെ എമർജൻസി രോഗികളെ മൂന്നാമത്തെ സി.ടി സ്കാനിംഗിലേക്ക് വിന്യസിക്കാറുണ്ട്. വാർഡിൽ കിടക്കുന്ന രോഗികൾക്കും ഒ.പിയിൽ നിന്നും വരുന്ന രോഗികൾക്കും പിന്നീട് സ്കാൻ ചെയ്യാനായി തീയതി കൊടുക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. ഈ രോഗികൾക്ക് സി.ടി സ്കാൻ ചെയ്യാനായി ബ്ലഡ് ബാങ്ക് കെട്ടിടത്തിലുള്ള മൾട്ടി ഡിക്റ്റർ സി.ടി സ്കാനറും അൾട്രാസൗണ്ട് സ്കാനിംഗ് ചെയ്യുന്നതിനായി KHRWS ലെ 127-ാം നമ്പർ മുറിയിലെ സ്കാനറും ഉപയോഗിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ നിലവിൽ എത്ര സ്കാനിംഗ് മെഷീനുകളുണ്ട്; സ്കാനിംഗ് നിർദ്ദേശിക്കപ്പെടുന്ന രോഗികളുടെ എണ്ണവും പ്രതിദിന സ്കാനിംഗുകളുടെ എണ്ണവും തമ്മിലുള്ള അന്തരമെത്രയെന്ന് കണക്കാക്കുന്ന ഹോസ്പിറ്റൽ ഇൻഫർമേഷൻ സിസ്റ്റം | (ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 8 അൾട്രാസൗണ്ട് സ്കാനറുകളും 3 സി.ടി സ്കാനറുകളും ഒരു എം.ആർ.ഐ സ്കാനറും നിലവിലുണ്ട്. ഹോസ്പിറ്റൽ ഇൻഫർമേഷൻ സിസ്റ്റം സോഫ്റ്റ് വെയർ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. ഇ -ഹെൽത്ത് നടപ്പിലാക്കുന്നത് പ്രാരംഭ ദിശയിലാണ്. |

| | | | |
|---|---|---|---|
| | സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ; | | |
| (സി) | കമ്പനി, ബാങ്കുകളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്, സന്നദ്ധ സംഘടനാ ഫണ്ട് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഫണ്ട് കണ്ടെത്തി മെഷീനുകളുടെ എണ്ണവും സ്കാനിംഗുകളുടെ എണ്ണവും വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കമ്പനി, ബാങ്കുകളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്, സന്നദ്ധ സംഘടനാ ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് മെഷീനുകൾ വാങ്ങുന്നതിനായുള്ള ശിപാർശകളൊന്നും തന്നെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ